**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1536** **14-03-2022 - ൽ മറുപടിയ്ക്ക്**

**ബുദ്ധ-ജൈന മതങ്ങളുടെ സ്വാധീനങ്ങൾ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | null<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ബുദ്ധ-ജൈന മതങ്ങളുടെ സ്വാധീനങ്ങൾ പര്യവേക്ഷണത്തിലൂടെയും വിവരശേഖരണത്തിലൂടെയും കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ടോ; | (എ) | കേരള രൂപീകരണത്തിനു മുമ്പുതന്നെ തിരുവിതാംകൂർ, കൊച്ചി പുരാവസ്തു വകുപ്പുകൾ നടത്തിയ പര്യവേക്ഷണങ്ങളിലും പഠനങ്ങളിലും കേരള ഭൂപ്രദേശത്തെ ബൗദ്ധ ജൈന സ്വാധീനങ്ങൾ പരിശോധനാ വിധേയമായിട്ടുണ്ട്. തുടർന്ന് കേരളപുരാവസ്തു വകുപ്പ്നടത്തിയ ഉത്ഖനന - പര്യവേക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായും കേരളത്തിലെ ബുദ്ധ - ജൈന മത സ്വാധീനങ്ങൾ പരിശോധിക്കപ്പെട്ടിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങളും പരിശോധനകളിൽ ലഭിച്ച പുരാവസ്തു തെളിവുകളുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു. 1. തിരുവിതാംകൂർ ആർക്കിയോളജി വകുപ്പിന്റെ ട്രാവൻ കൂർ ആർക്കിയോളജിക്കൽ സീരീസ് വോള്യം 2-ൽ തിരുവിതാംകൂറിലെ ബുദ്ധ ജൈന സ്വാധീനത്തെക്കുറിച്ചുള്ള പഠന ഫലങ്ങൾ Budha Jaina Vestiges in Kerala എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2.. പര്യവേക്ഷണത്തിനിടെ മാവേലിക്കര പള്ളിക്കലിൽ നിന്നും ലഭിച്ച ബുദ്ധവിഗ്രഹം തിരുവനന്തപുരം മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. 3. ഫീൽഡ് പരിശോധനയുടെയും മറ്റും ഭാഗമായി വിവിധ സന്ദർഭങ്ങളിൽ ശ്രദ്ധയിൽ വന്ന ആലപ്പുഴ ജില്ലയിലെ കരുമാടിക്കുട്ടൻ എന്നറിയപ്പെടുന്ന ബുദ്ധവിഗ്രഹം, ഭരണിക്കാവിലെ ബുദ്ധവിഗ്രഹം, മാവേലിക്കരയിലെ ബുദ്ധവിഗ്രഹം, കരുനാഗപ്പള്ളിയിൽ നിന്നു ലഭിച്ചതും കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ സൂക്ഷിച്ചിരിക്കുന്നതുമായ ബുദ്ധവിഗ്രഹം എന്നിവ വകുപ്പ് സംരക്ഷിതമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. 4. ജൈനകേന്ദ്രമായിരുന്ന എറണാകുളം ജില്ലയിലെ കല്ലിൽ ക്ഷേത്രം സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുണ്ട്. 5. പാലക്കാട് ജില്ലയിലെ ആലത്തൂരിൽ നിന്നും ലഭിച്ച സുപാർശ്വനാഥ പ്രതിമ (ജൈന) തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരത്തിലും മഹാവീരന്റെ പ്രതിമ |

| | | | |
|---|---|---|---|
| | | | കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയത്തിലും ജൈനലിഖിതം കായംകുളം കൃഷ്ണപുരം കൊട്ടാരത്തിലും പ്രദർശിപ്പിച്ചിരിക്കുന്നു. 6. കോട്ടയം പാലാ രാമപുരത്തുനിന്നും ലഭിച്ച ബുദ്ധ വിഗ്രഹം തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരം മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. 7. മണ്ണടിയിൽ നിന്നും ലഭിച്ച ബുദ്ധ വിഗ്രഹങ്ങളിൽ ഒന്ന് തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയത്തിലും മറ്റൊന്ന് മണ്ണടി വേലുത്തമ്പി ദളവാ മ്യൂസിയത്തിലും പ്രദർശിപ്പിച്ചിട്ടുണ്ട്. 8. കൊടുങ്ങല്ലൂരിലെ കോട്ടപ്പുറത്ത് 2007-ൽ നടത്തിയ പര്യവേക്ഷണത്തിനിടെ ശിരസ്സ് നഷ്ടപ്പെട്ട ബുദ്ധ വിഗ്രഹം ലഭിക്കുകയുണ്ടായി. ആയത് ശ്രീപാദം കൊട്ടാരത്തിൽ സൂക്ഷിച്ചിട്ടുണ്ട് 9. 2014-15-ൽ തൃക്കണാമതിലകത്തു നടത്തിയ പര്യവേക്ഷണത്തിനിടെ ലഭിച്ച ശിലാലിഖിതം ജൈന സ്വാധീനത്തെക്കുറിച്ചുള്ള തെളിവാണ്. ഈ ലിഖിതം തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരത്തിൽ സൂക്ഷിച്ചിട്ടുണ്ട്. 10. കണ്ണൂർ ജില്ലയിലെ പരിയാരത്തു നിന്നു ലഭിച്ച അവലോകിതേശ്വര വിഗ്രഹം കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. 11. വയനാട് ജില്ലയിലെ മൂലങ്കാവ് ജൈന ലിഖിതത്തിന്റെ മുദ്രപകർപ്പുകൾ തയ്യാറാക്കുകയും പരിശോധനാ വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. 12. വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിയിലുള്ള കിടങ്ങനാട് ജൈന ബസ്തി, പുഞ്ചവയലിലുള്ള ജനാർദ്ദനഗുഡി, വിഷ്ണു ഗുഡി എന്നിവ കേന്ദ്ര പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായ ജൈന കേന്ദ്രങ്ങളാണ്. 13. കോട്ടയം ജില്ലയിലെ രാമപുരത്തുനിന്നും ലഭിച്ച വിഗ്രഹത്തിന്റെ ശിരോഭാഗം വിദഗ്ധ പരിശോധനയിൽ ബുദ്ധവിഗ്രഹത്തിന്റേതാണെന്നു വ്യക്തമായിട്ടുണ്ട്. ആയത് ഹിൽപ്പാലസ് മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു. 14. ഈ അടുത്തകാലത്തായി കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ മേലൂർ ക്ഷേത്രക്കുളത്തിൽ നിന്നും വകുപ്പ് കണ്ടെടുത്ത വിഗ്രഹം ബുദ്ധ വിഗ്രഹമാണെന്ന് അഭിപ്രായം ഉയർന്നിരുന്നു. ടി വിഗ്രഹത്തിന്റെ വിദഗ്ധ പരിശോധന പൂർത്തിയായി വരുന്നതേയുള്ളൂ. 15. കേരള ആർക്കിയോളജിക്കൽ സീരീസ് വോള്യം രണ്ടിൽ കേരളത്തിലെ ജൈന സ്വാധീനത്തെക്കുറിച്ചുള്ള പഠനം Jaina Vestiges in Kerala എന്ന പേരിൽ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എവിടെയെല്ലാം എന്തെല്ലാം കാര്യങ്ങളാണ് കണ്ടെത്തിയതെന്ന് വിശദീകരിക്കാമോ? | (ബി) | കേരള രൂപീകരണത്തിനു മുമ്പുതന്നെ തിരുവിതാംകൂർ, കൊച്ചി പുരാവസ്തു വകുപ്പുകൾ നടത്തിയ പര്യവേക്ഷണങ്ങളിലും പഠനങ്ങളിലും കേരള ഭൂപ്രദേശത്തെ ബൗദ്ധ ജൈന സ്വാധീനങ്ങൾ |

പരിശോധനാ വിധേയമായിട്ടുണ്ട്. തുടർന്ന് കേരളപുരാവസ്തു വകുപ്പ്നടത്തിയ ഉത്ഖനന - പര്യവേക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായും കേരളത്തിലെ ബുദ്ധ - ജൈന മത സ്വാധീനങ്ങൾ പരിശോധിക്കപ്പെട്ടിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങളും പരിശോധനകളിൽ ലഭിച്ച പുരാവസ്തു തെളിവുകളുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു. 1. തിരുവിതാംകൂർ ആർക്കിയോളജി വകുപ്പിന്റെ ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസ് വോള്യം 2-ൽ തിരുവിതാംകൂറിലെ ബുദ്ധ ജൈന സ്വാധീനത്തെക്കുറിച്ചുള്ള പഠന ഫലങ്ങൾ Budha Jaina Vestiges in Kerala എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2.. പര്യവേക്ഷണത്തിനിടെ മാവേലിക്കര പള്ളിക്കലിൽ നിന്നും ലഭിച്ച ബുദ്ധവിഗ്രഹം തിരുവനന്തപുരം മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. 3. ഫീൽഡ് പരിശോധനയുടെയും മറ്റും ഭാഗമായി വിവിധ സന്ദർഭങ്ങളിൽ ശ്രദ്ധയിൽ വന്ന ആലപ്പുഴ ജില്ലയിലെ കരുമാടിക്കുട്ടൻ എന്നറിയപ്പെടുന്ന ബുദ്ധവിഗ്രഹം, ഭരണിക്കാവിലെ ബുദ്ധവിഗ്രഹം, മാവേലിക്കരയിലെ ബുദ്ധവിഗ്രഹം, കരുനാഗപ്പള്ളിയിൽ നിന്നു ലഭിച്ചതും കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ സൂക്ഷിച്ചിരിക്കുന്നതുമായ ബുദ്ധവിഗ്രഹം എന്നിവ വകുപ്പ് സംരക്ഷിതമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. 4. ജൈനകേന്ദ്രമായിരുന്ന എറണാകുളം ജില്ലയിലെ കല്ലിൽ ക്ഷേത്രം സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുണ്ട്. 5. പാലക്കാട് ജില്ലയിലെ ആലത്തൂരിൽ നിന്നും ലഭിച്ച സുപാർശ്വനാഥ പ്രതിമ (ജൈന) തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരത്തിലും മഹാവീരന്റെ പ്രതിമ കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയത്തിലും ജൈനലിഖിതം കായംകുളം കൃഷ്ണപുരം കൊട്ടാരത്തിലും പ്രദർശിപ്പിച്ചിരിക്കുന്നു. 6. കോട്ടയം പാലാ രാമപുരത്തുനിന്നും ലഭിച്ച ബുദ്ധ വിഗ്രഹം തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരം മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. 7. മണ്ണടിയിൽ നിന്നും ലഭിച്ച ബുദ്ധ വിഗ്രഹങ്ങളിൽ ഒന്ന് തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയത്തിലും മറ്റൊന്ന് മണ്ണടി വേലുത്തമ്പി ദളവാ മ്യൂസിയത്തിലും പ്രദർശിപ്പിച്ചിട്ടുണ്ട്. 8. കൊടുങ്ങല്ലൂരിലെ കോട്ടപ്പുറത്ത് 2007-ൽ നടത്തിയ പര്യവേക്ഷണത്തിനിടെ ശിരസ്സ് നഷ്ടപ്പെട്ട ബുദ്ധ വിഗ്രഹം ലഭിക്കുകയുണ്ടായി. ആയത് ശ്രീപാദം കൊട്ടാരത്തിൽ സൂക്ഷിച്ചിട്ടുണ്ട് 9. 2014-15-ൽ തൃക്കണാമതിലകത്തു നടത്തിയ പര്യവേക്ഷണത്തിനിടെ ലഭിച്ച ശിലാലിഖിതം ജൈന സ്വാധീനത്തെക്കുറിച്ചുള്ള തെളിവാണ്. ഈ ലിഖിതം തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരത്തിൽ

| | | | | |
|---|---|---|---|---|
| | | | | സൂക്ഷിച്ചിട്ടുണ്ട്. 10. കണ്ണൂർ ജില്ലയിലെ പരിയാരത്തു നിന്നു ലഭിച്ച അവലോകിതേശ്വര വിഗ്രഹം കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. 11. വയനാട് ജില്ലയിലെ മൂലങ്കാവ് ജൈന ലിഖിതത്തിന്റെ മുദ്രപകർപ്പുകൾ തയ്യാറാക്കുകയും പരിശോധനാ വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. 12. വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിയിലുള്ള കിടങ്ങനാട് ജൈന ബസ്തി, പുഞ്ചവയലിലുള്ള ജനാർദ്ദനഗുഡി, വിഷ്ണു ഗുഡി എന്നിവ കേന്ദ്ര പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായ ജൈന കേന്ദ്രങ്ങളാണ്. 13. കോട്ടയം ജില്ലയിലെ രാമപുരത്തുനിന്നും ലഭിച്ച വിഗ്രഹത്തിന്റെ ശിരോഭാഗം വിദഗ്ദ്ധ പരിശോധനയിൽ ബുദ്ധവിഗ്രഹത്തിന്റേതാണെന്നു വ്യക്തമായിട്ടുണ്ട്. ആയത് ഹിൽപ്പാലസ് മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു. 14. ഈ അടുത്തകാലത്തായി കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ മേലൂർ ക്ഷേത്രക്കുളത്തിൽ നിന്നും വകുപ്പ് കണ്ടെടുത്ത വിഗ്രഹം ബുദ്ധ വിഗ്രഹമാണെന്ന് അഭിപ്രായം ഉയർന്നിരുന്നു. ടി വിഗ്രഹത്തിന്റെ വിദഗ്ദ്ധ പരിശോധന പൂർത്തിയായി വരുന്നതേയുള്ളൂ. 15. കേരള ആർക്കിയോളജിക്കൽ സീരീസ് വോള്യം രണ്ടിൽ കേരളത്തിലെ ജൈന സ്വാധീനത്തെക്കുറിച്ചുള്ള പഠനം Jaina Vestiges in Kerala എന്ന പേരിൽ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ